റവന്യൂ താലൂക്കുകൾ പുനഃസംഘടിപ്പിക്കുന്നതിന് നടപടി

2 (* 382) ശ്രീ. സി. കെ. നാണു :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. എ. സി. ഷൺമുഖദാസ് :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) നിലവിലുള്ള റവന്യൂ താലൂക്കുകൾ പുനഃസംഘടിപ്പിക്കുന്നതിന് മുൻസർക്കാർ തീരുമാനം എടുത്തിട്ടുണ്ടായിരുന്നോ; എങ്കിൽ പ്രസ്തുത തീരുമാനം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വെളിപ്പെടുത്താമോ ;

(സി) നിലവിലുള്ള താലൂക്കുകൾ പുനഃസംഘടിപ്പിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ;

റവന്യൂവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) : സർ,

(എ) മുൻ സർക്കാരിന്റെ കാലത്ത് 16 പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിരുന്നു.

(ബി & സി) രൂപികരിക്കാൻ ഉദ്ദേശിച്ച താലൂക്കുകളുടെ ആസ്ഥാനം എവിടെയാണെന്നോ ഏതൊക്കെ വില്ലേജുകൾ അതിൽ ഉൾപ്പെടുമെന്നോ പ്രസ്തുത തീരുമാനത്തിൽ വ്യക്തമായിരുന്നില്ല. പുതിയ താലൂക്കുകൾ രൂപീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വീണ്ടും നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഒരു തീരുമാനമെടുക്കുന്നതിനുമുൻപ് ത്രിതല പഞ്ചായത്ത് സംവിധാനം വന്നതിനുശേഷമുള്ള ഭരണപരമായ കാര്യങ്ങളും കണക്കിലെടുക്കേണ്ടതുണ്ട്. എല്ലാ കാര്യങ്ങളും പരിശോധിച്ച് സർക്കാരിന്റെ സാമ്പത്തികസ്ഥിതികൂടി കണക്കിലെടുത്തശേഷം വളരെ ആവശ്യമായി കാണുന്ന ജനസംഖ്യയും വിസ്തൃതിയും കൂടുതലുള്ള താലൂക്കുകളും വില്ലേജുകളും മാത്രം വിഭജിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. ഇതിനെപ്പറ്റി പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഒരു പുതിയ കമ്മീഷനെ നിയോഗിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. സി. കെ. നാണു : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അതുവരെ ലഭിച്ചിരുന്ന പല പഠനങ്ങളുടെയും അടിസ്ഥാനത്തിൽ 16 താലൂക്കുകൾ രൂപീകരിച്ചശേഷം ആ രൂപീകരണത്തിൽ എന്തെങ്കിലും പോരായ്മകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുക എന്നതിനുപകരം കാലതാമസം വരുത്തി അത് നടക്കുമെന്നുപോലും സംശയം തോന്നുന്ന രൂപത്തിലുള്ള സ്ഥിതിവിശേഷം ഉണ്ടാകാൻ കാരണമെന്താണ് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എഫ്. തോമസ് : ഇപ്പോൾ വന്ന തകരാറ് കഴിഞ്ഞ ഗവൺമെന്റിന്റെ അവസാനകാലത്ത് താലൂക്കുകൾ ഇങ്ങനെ രൂപീകരിച്ചുകൊണ്ടുള്ള ഓർഡർ ഉണ്ടായിരുന്നെങ്കിലും ആ താലൂക്കുകളെ സംബന്ധിച്ചുള്ള വിവരമൊന്നുമില്ല. അതിനകത്ത് ആ താലൂക്കുകളുടെ ആസ്ഥാനം എവിടെയാണ്, ഓരോ താലൂക്കിലും എവിടെയൊക്കെ വില്ലേജുകൾ വരണമെന്നൊന്നും നിശ്ചയിച്ചിട്ടില്ലായിരുന്നു. അങ്ങനെ അപൂർണമായിട്ടു മാത്രം കാര്യങ്ങൾ നീങ്ങിയതുകൊണ്ടാണ് പൊതുവായിട്ട് പഠനം ആവശ്യമായിട്ടുവന്നത്.

ശ്രീ. സി. കെ. നാണു : ഒരു സീനിയർ ഐ.എ.എസ്. ഓഫീസർ ഇതിനെ സംബന്ധിച്ച് ആദ്യം പഠനം നടത്തിയിരുന്നു. ഈ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് പുതിയ താലൂക്ക് രൂപീകരണത്തിന് പ്രഖ്യാപനം ഉണ്ടായത്. ഇപ്പോൾ താലൂക്ക് രൂപീകരണത്തെ സംബന്ധിച്ച് വീണ്ടും ഒരു പഠനം നടത്തി. ഈ അഞ്ചു വർഷത്തിനിടയ്ക്ക് പുതിയ താലൂക്ക് രൂപീകരിക്കണം എന്നുള്ളതിന് തടസ്സം സംഭവിക്കില്ലേ എന്ന് ഒന്നു വ്യക്തമാക്കാമോ ?

ശ്രീ. സി. എഫ്. തോമസ് : തടസ്സം കൊണ്ടുവരാനല്ല, കഴിഞ്ഞ രണ്ടു കമ്മിഷനുകളും പ്രവർത്തിച്ച് റിപ്പോർട്ട് സമർപ്പിച്ച കാലത്തിനുള്ള പ്രത്യേകത അന്ന് നമ്മുടെ സംസ്ഥാനത്ത് ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾ തുടങ്ങിയിരുന്നില്ല. ബാബു പോൾ കമ്മിഷന്റെ റിപ്പോർട്ട് കൊടുത്തപ്പോഴും മൂർത്തി കമ്മിഷന്റെ റിപ്പോർട്ട് കൊടുത്തപ്പോഴും ത്രിതല സംവിധാനം നിലവിലില്ലായിരുന്നു. ഇപ്പോൾ ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾ നിലവിൽ വന്നപ്പോൾ ചില പഞ്ചായത്തുകൾ താലൂക്ക് ഓഫീസുകൾ ചെയ്തുകൊണ്ടിരിക്കുന്ന പല ജോലികളും ഏറ്റെടുക്കുന്നുണ്ട്. അതുകൂടി നോക്കിയിട്ട് ഇനി എത്ര താലൂക്കുകൾ വേണം, താലൂക്കുകളുടെ ജോലിഭാരം കൂടിയോ, കുറഞ്ഞോ, എന്നുള്ള പുതിയ സാഹചര്യങ്ങൾ കൂടി കണക്കിലെടുത്ത് റിപ്പോർട്ട് കൊടുക്കാൻവേണ്ടിയാണ് പുതിയ കമ്മീഷനെ നിയമിക്കാൻ തീരുമാനമെടുത്തത്.

ശ്രീ. കെ. പി. മോഹനൻ : സർ, സാധാരണ ജനങ്ങൾക്ക് വ്യക്തിപരമായും കുടുംബപരമായും ഏറ്റവും ബന്ധപ്പെടേണ്ട പ്രധാനപ്പെട്ട ഓഫീസാണ് താലൂക്ക് ഓഫീസ്. മലയോരമേഖലപോലുള്ള പ്രദേശങ്ങളിൽ നിന്നും ഓഫീസുകളിൽ എത്താൻ കിലോമീറ്ററുകൾ താണ്ടണം. ഇരിട്ടി, കോട്ടമ്മൂല മുതലായ പ്രദേശങ്ങളിലെ ആളുകളെ ഉദ്ദേശിച്ച് ഇരിട്ടി, കേന്ദ്രീകരിച്ച് ഒരു താലൂക്ക് രൂപീകരിക്കാനുള്ള നടപടി ഉണ്ടാകുമോ ?

ശ്രീ. സി. എഫ്. തോമസ് : ഇക്കാര്യത്തിൽ ഇവിടെവച്ച് ഒരു ഉറപ്പു പറയാൻ സാദ്ധ്യമല്ല. പുതിയ കമ്മീഷനെ ഗവൺമെന്റ് നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് വന്നശേഷം ഗവൺമെന്റിന്റെ സാമ്പത്തിക പരിതസ്ഥിതി കൂടി നോക്കിയിട്ട് ആവശ്യമായ തീരുമാനം എടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. മോഹനൻ : രണ്ടു പഞ്ചായത്തുകൾ ഒരു വില്ലേജിലുള്ള ഒരുപാട് വില്ലേജുകൾ ഉണ്ട്. ആ വില്ലേജുകൾ വിഭജിച്ചുകഴിഞ്ഞ് താലൂക്ക് രൂപീകരിച്ചാൽ മാത്രമേ തുടർ നടപടികൾക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. അതുകൂടി കണക്കിലെടുത്തുകൊണ്ട് രണ്ടു പഞ്ചായത്തുകൾ വലിയ പഞ്ചായത്തുകൾ വിഭജിക്കാനുള്ള തീരുമാനം എടുക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : ഗവൺമെന്റ് സ്വീകരിക്കുന്ന ഒരു മാനദണ്ഡമാണ്. തീർച്ചയായിട്ടും ജനസംഖ്യയും വിസ്തൃതിയും ഗവൺമെന്റ് പരിശോധിക്കും.

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, താലൂക്കുകളുടെ രൂപീകരണം സംബന്ധിച്ച് ഒരു കമ്മിഷനെ നിയമിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു എന്നുപറഞ്ഞു. കമ്മിഷനെ നിയമിക്കുന്നതിന് മുൻപ് കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷക്കാലത്തിനുള്ളിൽ പുതിയതായി രൂപീകരിക്കപ്പെട്ടിട്ടുള്ള ജില്ലകളുടേയും താലൂക്കുകളുടേയും വില്ലേജുകളുടേയും പ്രവർത്തനത്തിന് ആവശ്യമായി വന്ന എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളേയും ജനങ്ങൾക്ക് കൂടുതലായിട്ടുള്ള സൗകര്യങ്ങളേയും പരസ്പരം താരതമ്യപ്പെടുത്തി/ വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ നിഗമനങ്ങളിൽ എത്തിച്ചേരാനുള്ള പഠനം നടത്താൻ തയ്യാറാകുമോ ?

ശ്രീ. സി. എഫ്. തോമസ് : കമ്മിഷൻ പരിശോധിക്കേണ്ട വിഷയങ്ങളെക്കുറിച്ച് അവസാന തീരുമാനം ആയിട്ടില്ല. അങ്ങനെ വരുമ്പോൾ ഈ കാര്യങ്ങൾ പരിശോധിക്കാം.

ശ്രീ. എ. നീലലോഹിതദാസൻ നാടാർ : കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ താലൂക്ക് രൂപീകരിക്കാനുള്ള തീരുമാനത്തിന്റെ വിശദാംശമില്ലെന്ന് പറഞ്ഞു. വളരെക്കാലമായി ചർച്ചചെയ്യപ്പെട്ട, അതനുസരിച്ചുള്ള നിവേദനങ്ങളും അതിന്റെ അടിസ്ഥാനത്തിൽ പല തരത്തിലുള്ള ചർച്ചകളും സമ്മർദ്ദങ്ങളും നടന്ന ഒരു വിഷയത്തെ സംബന്ധിച്ച്, വിശദാംശങ്ങളില്ല എന്ന് ഗവൺമെന്റ് പറയുന്നതിനുപകരം അതിന്റെ ബാക്ക് ഫയൽ പരിശോധിക്കുന്നതിനും അതനുസരിച്ച് ഒരു തീരുമാനമെടുക്കുന്നതിനും ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. സി. എഫ്. തോമസ് : അതല്ല. അങ്ങനെയുള്ള വിശദാംശം ഇല്ലെന്നുള്ള ഒരു ന്യൂനത ഉണ്ടായിരുന്നു. അതിനുപുറമെ പുതിയ സാഹചര്യങ്ങൾ കൂടി വിലയിരുത്തേണ്ടതായിരുന്നു. അതുകൊണ്ടാണ് ഗവൺമെന്റ് പുതിയ കമ്മിഷനെ നിയമിച്ചത്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഇവിടെ മറുപടി പറയുമ്പോൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബാബുപോൾ കമ്മീഷനായാലും മൂർത്തി കമ്മിഷനായാലും വളരെ വിശദമായ ചർച്ചകൾക്കും പഠനങ്ങൾക്കും ശേഷമാണ് ഗവൺമെന്റിന്റെ മുന്നിൽ റിപ്പോർട്ട് വച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ ഗവൺമെന്റ് തീരുമാനമെടുത്ത് സഭയിൽ പ്രഖ്യാപിച്ചത്.

താലൂക്കിന്റെ സ്ഥാനം, അല്ലെങ്കിൽ വില്ലേജുകൾ ഏത് എന്നതിനെ സംബന്ധിച്ചുള്ള വ്യക്തതകുറവുണ്ടെങ്കിൽ ആ വിഷയങ്ങൾ ചർച്ചചെയ്ത് ഈ രണ്ട് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതിനുപകരം പുതിയ ഒരു കമ്മിഷൻ നിയമിക്കുന്നത് കാലനഷ്ടമുണ്ടാക്കാനും, അധിക സാംപത്തിക ബാദ്ധ്യത ഉണ്ടാക്കാനുമല്ലേ ഇടവരുത്തുക. അതുകൊണ്ട് രണ്ടു റിപ്പോർട്ടുകളും പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : കാലതാമസം ഉണ്ടാക്കാനുള്ള ഉദ്ദേശത്തോടുകൂടിയല്ല ഇപ്പോഴുള്ള സാഹചര്യം കൂടി വിലയിരുത്തിക്കൊണ്ട് ഇതു ചെയ്യുംപോൾ കുറ്റങ്ങൾ അല്ലെങ്കിൽ കുറവുകൾ ഇല്ലാതാക്കിക്കൊണ്ട് കാര്യങ്ങൾ ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ പുതിയ കമ്മിഷനെ നിയമിക്കാൻ തീരുമാനിച്ചത്.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : സർ, സാധാരണയായി ആളുകൾക്ക് ഏറ്റവും അധികം ബന്ധപ്പെടേണ്ട ഓഫീസാണ് വില്ലേജാഫീസുകളും താലൂക്കാഫീസുകളും, പരിമിതമായ സൗകര്യങ്ങളും ചോർന്നൊലിക്കുന്ന കെട്ടിടവുമാണ് ഈ സ്ഥാപനങ്ങൾക്കുള്ളത്. ഇതൊന്ന് മാറ്റിയെടുക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : പ്രത്യേകമായി ഒരുവർഷം കുറേ വില്ലേജാഫീസുകൾ പുത്തനായിട്ട് പണിയാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, രണ്ട് കമ്മിഷനെ നിശ്ചയിച്ചിട്ട് ഗവൺമെന്റിന് താലൂക്ക് വിഭജിക്കാൻ കഴിയാത്ത അവസരത്തിൽ ഇനി നിശ്ചയിക്കാൻ പോകുന്ന കമ്മിഷനുകളുടെ നിഗമനം അടിസ്ഥാനപ്പെടുത്തി എന്നത്തേക്ക് താലൂക്ക് വിഭജനം നടത്താൻ സാധിക്കുമെന്ന കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റിന് സഭയിൽ ഉറപ്പുനൽകാൻ സാധിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : ഇപ്പോൾ അങ്ങനെ പറയാൻ ഒക്കില്ല. കമ്മിഷനെ നിയമിക്കണം. കമ്മിഷന്റെ റിപ്പോർട്ട് വരണം. അതിനുശേഷമല്ലേ തീരുമാനമെടുക്കാൻ പറ്റുകയുള്ളൂ.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :സർ, കൊട്ടാരക്കര താലൂക്ക് വിഭജിച്ച് ചടയമംഗലം പ്രവർത്തനപരിധിയായി ഒരു താലൂക്കിനെ സംബന്ധിച്ച് ബാബു പോൾ കമ്മീഷനും മൂർത്തി കമ്മിഷനും ഒരു നിർദേശം വച്ചിരുന്നു. പുതിയ കമ്മിഷനെ നിയമിക്കുമ്പോൾ നിലവിലുള്ള താലൂക്കും ആ താലൂക്കിൽപ്പെടുന്ന പ്രദേശങ്ങളുടെ ദൂരം, വിസ്തൃതി, ജനസംഖ്യ മുതലായവ മാനദണ്ഡമായി ഒരു ക്ളിപ്ത തീയതി പ്രഖ്യാപിക്കാൻ മന്ത്രിക്ക് കഴിയുമോ ?

ശ്രീ. സി. എഫ്. തോമസ്: ഗവൺമെന്റ് ഈ കാര്യങ്ങളെല്ലാം പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ചന്ദ്രൻ : സർ, പുതിയ താലൂക്കിനെ സംബന്ധിച്ച് പഠനം നടത്തുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പ്രഖ്യാപിക്കപ്പെട്ടതും കേരളത്തിലെ തന്നെ വലിയ താലൂക്കുകളിൽ ഒന്നായ ഒറ്റപ്പാലം താലൂക്ക് വിഭജിച്ച് പട്ടാമ്പി താലൂക്കായി രൂപീകരിക്കുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിരുന്നു. ആ താലൂക്കിനുവേണ്ട മിനി സിവിൽ സ്റ്റേഷന്റെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. പട്ടാമ്പി താലൂക്ക് രൂപീകരിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : ഇപ്പോൾ ഏത് താലൂക്ക് എന്നുപറയാൻ നിർവാഹമില്ല. അതുകൊണ്ട് ഈ കമ്മിഷൻ റിപ്പോർട്ടിനുശേഷം .....

ശ്രീ. എം. എ. വാഹീദ് : സർ, ഐക്യകേരളം രൂപീകരിക്കുന്നതിനു മുൻപു തന്നെ റവന്യു താലൂക്കുകൾ സംഘടിപ്പിക്കുന്നതു സംബന്ധിച്ച് വെള്ളോടി കമ്മിഷൻ എന്നൊരു കമ്മിഷനുണ്ടായിരുന്നു. ഈ കമ്മിഷൻ തിരുവനന്തപുരം നഗരത്തെ പ്രത്യേക താലൂക്ക് ആക്കിയും നഗരം വിട്ടുള്ള സ്ഥലത്തെ കഴക്കൂട്ടം താലൂക്ക് ആക്കിയും രൂപീകരിക്കുന്നതിനെക്കുറിച്ച് നിർദ്ദേശമുണ്ടായിരുന്നു. ഇത്രയും കാലമായിട്ട് അത് നടന്നില്ല. കഴക്കൂട്ടത്തെ ജനങ്ങൾ അവരുടെ റവന്യു കാര്യങ്ങൾക്കു വേണ്ടി ഇവിടെ വന്ന് ബുദ്ധിമുട്ടുന്ന വലിയ പ്രയാസമുണ്ട്. ആ പ്രയാസം അകറ്റുന്നതിനുവേണ്ടി ഈ താലൂക്കിലെതന്നെ ഡെപ്യൂട്ടി. തഹൽസീൽദാറുടെ ഓഫീസ് കഴക്കൂട്ടത്തേക്ക് മാറ്റി. റവന്യു കാര്യങ്ങൾ കൈകാര്യം ചെയ്യാനുള്ള ഒരു ഓഫിസ് ഇവിടെ നിന്ന് അങ്ങോട്ടുമാറ്റാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : പ്രത്യേകമായിട്ട് പരിശോധിക്കേണ്ടതാണ്.

ശ്രീ. ടി. കെ. ബാലൻ : സർ, താലൂക്ക് വിഭജനത്തിനുവേണ്ടി ഒരു കമ്മിഷനെ ഗവൺമെന്റ് ഇപ്പോൾ നിയമിക്കുകയാണ്. ആ കമ്മിഷന്റെ മുൻപാകെ വരേണ്ട സുപ്രധാനമായ നിർദ്ദേശത്തെപ്പറ്റിയാണ് ഞാൻ പറയുന്നത്. പ്ലാനിംഗ് ബോർഡ് വൈസ്ചെയർമാൻ ആയിട്ടുള്ള മുൻ ചീഫ് സെക്രട്ടറി രാമചന്ദ്രൻ, ഡോ. സെൻ തുടങ്ങിയ ആളുകൾ അധികാരവികേന്ദ്രീകരണത്തെ സംബന്ധിച്ച് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളിൽ സുപ്രധാനമായി പറയുന്നത് റവന്യു വില്ലേജും പഞ്ചായത്തുകളും ഒരേ അതിർത്തിയിൽ ആയിരിക്കണമെന്നാണ്. അങ്ങനെ പുനഃസംഘടനവഴി വരുന്ന കാര്യം കൂടി കമ്മിഷന്റെ ഭാഗമായിട്ട് പരിശോധനാ വിഷയമാക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. സി. പി. മുഹമ്മദ് : സർ, ബഹുമാനപ്പെട്ട മന്ത്രി താലൂക്ക് പുനഃസംഘടനയെക്കുറിച്ച് ഇവിടെ പറഞ്ഞ മറുപടി തൃപ്തികരമല്ല. 2 കമ്മിഷനുകളുടെ റിപ്പോർട്ടുകൾ വന്നു. താലൂക്കുകൾ ഏതൊക്കെ വേണമെന്ന് എം.ജി.കെ. മൂർത്തിയും ബാബു പോളും പ്രഖ്യാപിച്ചു. ആ കമ്മിഷന്റെ റിപ്പോർട്ടുകൾ നിലവിലിരിക്കെ, 24 മണിക്കൂർകൊണ്ട്, ആ കമ്മിഷൻ

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ടുകൾ ബാധകമാക്കാതെ, താലൂക്ക് പ്രഖ്യാപിച്ച ഒരു സംസ്ഥാനമാണ്. ഇവിടെ ത്രിതല പഞ്ചായത്തുകളുടെ സംവിധാനം വന്നതിനുശേഷം, അതുംകൂടി പുനഃപരിശോധിക്കണം. താലൂക്കിന്റെ അധികാര പരിധിയിൽ ത്രിതല പഞ്ചായത്ത് കൈകടത്തുന്നില്ല. എന്റെ സ്നേഹിതൻ ശ്രീ. വി.കെ ചന്ദ്രൻ ചോദിച്ച, പട്ടാമ്പി താലൂക്കടക്കം, ഈ സംസ്ഥാനത്ത് അത്യാവശ്യം വേണ്ട താലൂക്കുകളെ റവന്യൂ സെക്രട്ടറിയെക്കൊണ്ട് അതിർത്തി നിശ്ചയിച്ച് പ്രഖ്യാപിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. സി. എഫ്. തോമസ്: പുതിയ താലൂക്കുകൾ, റവന്യൂ ഡിവിഷനുകൾ ഇതൊക്കെ ബഹുമാനപ്പെട്ട എം.എൽ.എ.മാരുടെ ആവശ്യങ്ങളാണ്. പെട്ടെന്ന് ഒരു തീരുമാനം ഗവൺമെന്റിന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. കമ്മിഷനുകൾ പല കാര്യങ്ങളും പഠിച്ച് നൽകുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ചെയ്യാൻ സാധിക്കൂ.

ശ്രീ. പി. എസ്. സുപാൽ: സർ, കൊല്ലം ജില്ലയിൽ നേരത്തെ 2 റവന്യൂ ഡിവിഷൻ ഓഫീസുകൾ ഉണ്ടായിരുന്നു. പത്തനംതിട്ട ജില്ല രൂപീകരിച്ചപ്പോൾ അതിലൊന്ന് നഷ്ടപ്പെട്ട സാഹചര്യമുണ്ടായി. അന്ന് മുതൽ തന്നെ വകുപ്പുതലത്തിൽ ഒരു നിർദ്ദേശമുണ്ടായിരുന്നു; കമ്മിഷൻ റിപ്പോർട്ടിലുമുള്ളതാണ്, പുനലൂർ കേന്ദ്രമാക്കി ഒരു റവന്യൂ ഡിവിഷൻ ഓഫീസ്. താലൂക്കുകളുടെ കാര്യങ്ങൾ ആലോചിക്കുന്ന അവസരത്തിൽ പുനലൂർ കേന്ദ്രമാക്കി ഒരു റവന്യൂ ഡിവിഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് വേണ്ട ശ്രദ്ധ കാണിക്കുമോ ?

ശ്രീ. സി. എഫ്. തോമസ്: താലൂക്കുകളോടനുബന്ധിച്ച് റവന്യൂ ഡിവിഷൻ ഓഫീസുകളുടെ കാര്യം മുൻ കമ്മിഷൻ റിപ്പോർട്ടുകളിലും ഉണ്ടായിരുന്നു. റവന്യൂ ഡിവിഷൻ പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച പുതിയ കമ്മിഷൻ റിപ്പോർട്ടും പരിശോധിക്കും. കമ്മിഷൻ റിപ്പോർട്ടിൽ വരുന്നെങ്കിൽ അതുംകൂടി ഉൾപ്പെടുത്തും.

ശ്രീ. എ. സുജനപാൽ: സർ, കോഴിക്കോട് ജില്ലയുടെ ഏതാണ്ട് പകുതിഭാഗം വരുന്ന പ്രദേശമാണ് കോഴിക്കോട് താലൂക്ക്. 12 നിയോജകമണ്ഡലങ്ങളുള്ളതിൽ 6 നിയോജകമണ്ഡലങ്ങൾ പൂർണ്ണമായും ഒരു നിയോജകമണ്ഡലം ഭാഗികമായും പെടുന്ന താലൂക്കാണ്. ഇത് വിഭജിക്കാൻ വേണ്ടിയുള്ള നിർദ്ദേശം ഗവൺമെന്റിനുമുന്നിൽ എത്രയോ വർഷങ്ങളായി നിൽക്കുകയാണ്. ഇന്നത്തെ ഈ നയരൂപീകരണത്തിൽ ശാസ്ത്രീയമായിട്ടുള്ള ഒരു സമീപനം ആവശ്യമാണ്. അതുകൊണ്ട് കോഴിക്കോട് താലൂക്ക് അടിയന്തിരമായി വിഭജിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. സി. എഫ്. തോമസ്: ഗവൺമെന്റിന്റെ നയത്തിൽത്തന്നെ വിസ്തൃതി, ജനസംഖ്യ ഇതൊക്കെ പ്രധാനപ്പെട്ട മാനദണ്ഡങ്ങളാണെന്ന് പറയുന്നുണ്ട്. അതെല്ലാംകൂടി കണക്കിലെടുത്തുകൊണ്ടായിരിക്കും പുതിയ കമ്മിഷൻ റിപ്പോർട്ട് വരുന്നത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ് : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന അന്നുമുതൽ ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്ന നിമിഷംവരെ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രഖ്യാപിച്ച 16 താലൂക്കുകളെ സംബന്ധിച്ചുള്ള പരാതികളാണ് പറയുന്നത്. അതിന്റെ അതിർത്തി ഏത്, Head Quarters ഏത്, വില്ലേജുകൾ ഏതൊക്കെ എന്ന് പറഞ്ഞിരുന്നില്ല എന്നാണ്. ഇന്ന് ഇപ്പോഴാണ് ത്രിതല പഞ്ചായത്തുകളുടെ കാര്യം പറഞ്ഞത്. ഇന്നലെവരെ അങ്ങനെ ഒരു പരാതി ഇല്ലായിരുന്നു. മനപ്പൂർവ്വം ഇത് ഉണ്ടാകാതിരിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പോക്കാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രഖ്യാപിച്ച 16 താലൂക്കുകളിൽ, വില്ലേജുകളുടെ എണ്ണം, താലൂക്കുകളുടെ അതിർത്തി, ആസ്ഥാനം ഇവ പ്രഖ്യാപിച്ചിട്ടുള്ള താലൂക്കുകളുണ്ടെങ്കിൽ, ഉദാഹരണമായി, 9 വില്ലേജുകൾ ഉൾപ്പെടുന്ന ഈരാറ്റുപേട്ട കേന്ദ്രമായി പുഞ്ഞാർ താലൂക്ക് എന്ന് ഓർഡറിലുള്ള സ്ഥിതിക്ക് ആ താലൂക്ക് രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : കമ്മിഷൻ റിപ്പോർട്ട് വന്നിട്ട്, ചില നിർദ്ദേശങ്ങൾ മാത്രമായിട്ട് പോകാൻ കഴിയില്ല. ഇതിന് അപാകതകൾ കുറേയുണ്ട്. അതുകൊണ്ട് അത് തിരുത്തിയുള്ള പുതിയ കമ്മിഷൻ റിപ്പോർട്ട് പ്രതീക്ഷിക്കുകയാണ്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, മുൻ ഗവൺമെന്റിന്റെ കാലത്ത് 16 താലൂക്കുകൾ പുതിയതായി രൂപീകരിക്കാൻ തീരുമാനിച്ചതിൽ ഉള്ളതാണ് ചാത്തന്നൂർ താലൂക്ക്. കൊല്ലം നഗരം കോർപ്പറേഷനായി മാറിയതിനുശേഷം യഥാർത്ഥത്തിൽ കൊല്ലത്തെ കാര്യംപോലും നോക്കുന്നതിന് കഴിയുന്നില്ല. യാത്രാസൗകര്യമില്ലാത്ത സ്ഥലത്തുനിന്നും ജനങ്ങൾ കൊല്ലത്തെത്തുന്ന ദുരിതം ഓർത്ത്, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ, ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് വമ്പിച്ച വോട്ട് നേടിക്കൊടുത്ത എന്റെ മണ്ഡലത്തിലടക്കം....., ഈ സാഹചര്യത്തിൽ താലൂക്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുപകരം, വീണ്ടും ഈ കമ്മിഷന്റെ റിപ്പോർട്ട് പൂർത്തീകരിച്ച് എന്ന് നടപ്പിലാക്കുമെന്ന് പറയാതെ പുതിയ കമ്മിഷൻ രൂപീകരിക്കുമെന്ന് പറയുന്നത് സത്യത്തിൽ സർക്കാൻ ഒഴിയുന്നതാണ്. അത് ശരിയായ കാര്യമല്ല. എന്ന് ആ നിർദ്ദേശം നടപ്പിലാക്കുമെന്നാണ് എന്റെ ചോദ്യം.

ശ്രീ. സി. എഫ്. തോമസ് : കമ്മിഷന്റെ രൂപീകരണവും അങ്ങയുടെ നിർദ്ദേശവും എത്രയുംപെട്ടെന്ന് നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കും.

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഇതു സംബന്ധിച്ച് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി തന്ന ഒരു മറുപടിയുണ്ട്. 'തൽക്കാലം താലൂക്ക് രൂപീകരണം ഗവൺമെന്റിന്റെ പരിഗണനയിലില്ല'. അതാണ് ബഹുമാനപ്പെട്ട റവന്യൂമന്ത്രി എനിക്ക് തന്ന മറുപടി. ഞാൻ ചോദിക്കുന്നത്, കായംകുളം താലൂക്ക്, എൽ.ഡി.എഫ്. ഗവൺമെന്റും യു.ഡി.എഫ്. ഗവൺമെന്റും തീരുമാനം എടുത്തതാണ്. ആ തീരുമാനം രണ്ട്

കമ്മിഷൻ റിപ്പോർട്ടുകളുടെ പഠനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു എന്ന് അങ്ങയുടെ ഇന്നത്തെ മറുപടിയിൽനിന്നും വ്യക്തമായി. യഥാർത്ഥത്തിൽ 2 പഠന കമ്മിഷനുകളുടെ റിപ്പോർട്ടുകളുള്ള ആ താലൂക്കുകളെ സംബന്ധിച്ച് മന്ത്രിസഭാ ഉപസമിതിയേയോ ഡിപ്പാർട്ടുമെന്റ് ഉപസമിതിയേയോ വച്ച് ചെയ്യുന്നതായിരിക്കത്തില്ലേ സമയബന്ധിതവും 3 വർഷത്തിനുള്ളിൽ (ഈ സർക്കാർ പിരിയുന്നതിന് മുൻപ്) ഇത് നടപ്പിലാക്കാൻ പ്രായോഗികം, അത് ചെയ്യാൻ തയ്യാറാകാതെ അനിശ്ചിതമായി, എന്ന് കമ്മിഷനെ നിയമിക്കുമെന്നുപോലും പറയാതെ, മൂന്നാമതൊരു കമ്മിഷനെ നിയമിക്കാൻ ശ്രമിക്കുന്നത് ഫലത്തിൽ കഴിഞ്ഞ സമ്മേളനത്തിൽ ബഹുമാനപ്പെട്ട മന്ത്രിതന്ന മറുപടിയിലേക്കെത്തിക്കുകയല്ലേ ?

ശ്രീ. സി. എഫ്. തോമസ്: തൽക്കാലം പരിഗണനയിലില്ലെന്ന് പറഞ്ഞത് ശരിയാണ്. ഇത് മന:പൂർവ്വം നീട്ടിക്കൊണ്ടുപോകാനുള്ള ആഗ്രഹം കൊണ്ടല്ല. പല പുതിയ സാഹചര്യങ്ങളും ഉള്ളതുകൂടി പരിഗണിച്ച് പുതിയ നിർദ്ദേശങ്ങൾ തരാനായിട്ടാണ്.

ശ്രീ. കെ. എ. ചന്ദ്രൻ : സർ, പറമ്പിക്കുളം ആദിവാസി മേഖലയാണ്. താലൂക്ക് ചിറ്റൂർ, വില്ലേജ് മുതലമട. വില്ലേജ് ഓഫീസിലേക്ക് പറമ്പിക്കുളത്തെ ഒരു ആദിവാസിക്ക് വന്ന് കാര്യം സാധിച്ച് പോകണമെങ്കിൽ 2 ദിവസം വേണ്ടിവരും. ഈ മലമുകളിൽ താമസിക്കുന്ന ആദിവാസി കേന്ദ്രങ്ങളിൽ വില്ലേജ് /താലൂക്ക് ഓഫീസുകളുടെ സേവനം ലഭിക്കുന്നതിന് മാസത്തിൽ ഒരു തവണയെങ്കിലും/ ഒരു ദിവസമെങ്കിലും താലൂക്ക്/ വില്ലേജ് ഓഫീസിന്റെ സിറ്റിംഗ് ഏർപ്പെടുത്തി താലൂക്ക് /വില്ലേജ് ഓഫീസുകളുടെ സൗകര്യം ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : ഇതൊരു പ്രത്യേക നിർദ്ദേശമാണ്.

ശ്രീ. ഇ. എം. അഗസ്തി : സർ, ഭൂവിസ്തൃതിയിൽ ഏറ്റവും മുമ്പിൽ നിൽക്കുന്ന ജില്ലയാണ് ഇടുക്കി. ഇടുക്കി ജില്ലയുടെ മൂന്നിൽ രണ്ട് പ്രദേശങ്ങളും,-ദേവികുളം, ഉടുമ്പൻചോല, പീരുമേട് താലൂക്കുകൾ ദേവികുളം റവന്യൂ സബ് ഡിവിഷന്റെ കീഴിലാണ്. ഇടുക്കി ജില്ലയുടെ ആസ്ഥാനം തൊടുപുഴ താലൂക്കിന്റെ കീഴിലാണ്. ജില്ലാ ആസ്ഥാനം താലൂക്കിലല്ലാത്ത അപൂർവ്വ പ്രതിഭാസം ഇടുക്കി ജില്ലയിൽ നിലനിൽക്കുന്നു. റവന്യൂ ഡിവിഷൻ ഓഫീസിൽ പീരുമേട്ടുനിന്നും ഒരാൾ എത്തണമെങ്കിൽ 100 കിലോമീറ്റർ യാത്രചെയ്ത്, തിരുവനന്തപുരത്ത് വരുന്നതിനേക്കാൾ ബുദ്ധിമുട്ട്. ഈ യാഥാർത്ഥ്യങ്ങൾ പരിശോധിച്ച് ഒരു പുതിയ റവന്യൂ ഡിവിഷൻ രൂപീകരിക്കുന്നതിനും ജില്ലാ ആസ്ഥാനമായ ഇടുക്കിയിൽ പുതിയ താലൂക്ക് രൂപീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : ഇങ്ങനെയുള്ള പ്രത്യേക വിഷയങ്ങളുള്ള കേസുകൾ ധാരാളമുണ്ട്. നമ്മുടെ സ്റ്റേറ്റിന്റെ പല ഭാഗത്തും, മലയോര പ്രദേശങ്ങളിൽ പ്രത്യേകിച്ച് അങ്ങനെയുള്ള കാര്യങ്ങളിലൊക്കെ മറ്റു പല കാര്യങ്ങളേയും കൂടി ആശ്രയിച്ചാണ് ഗവൺമെന്റ് തീരുമാനം എടുക്കുന്നത്. ഇതെല്ലാംകൂടി പരിശോധിച്ച് ആവശ്യമായ തീരുമാനം എടുക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, റവന്യൂ താലൂക്കുകൾ പുനഃസംഘടിപ്പിക്കുമ്പോൾ കോഴിക്കോട് ജില്ലയിലെ വടകര, കൊയിലാണ്ടി താലൂക്കുകളിലെ മലയോര പ്രദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പേരാമ്പ്ര ആസ്ഥാനമായി ഒരു താലൂക്ക് രൂപീകരിക്കുന്നതിന് നിർദ്ദേശമുണ്ടായിരുന്നു. പുതിയ താലൂക്കുകൾ രൂപീകരിക്കുമ്പോൾ കേരളത്തിന്റെ മലയോരപ്രദേശങ്ങളുടെ പിന്നോക്കാവസ്ഥ പരിഗണിച്ച്, മലയോരപ്രദേശങ്ങൾക്ക് പ്രധാന പരിഗണന നൽകിക്കൊണ്ട് ഒരു നിലപാട് ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : ഇപ്പോഴുള്ള വില്ലേജുകളുടെയും താലൂക്കുകളുടെയും വിസ്തൃതി, ഈ തീരുമാനങ്ങൾ എടുക്കുമ്പോൾത്തന്നെ ഘട്ടംഘട്ടമായിട്ടായിരിക്കുമെന്ന് ഗവൺമെന്റ് നേരത്തെ തന്നെ നിശ്ചയിച്ചിട്ടുണ്ട്.

ശ്രീ. ടി. യു. രാധാകൃഷ്ണൻ : സർ, 2 കമ്മിഷൻ റിപ്പോർട്ടുകൾ വരുന്നതിന് മുമ്പുതന്നെ സർക്കാരിന്റെ പരിഗണനയിലുണ്ടായിരുന്ന വിഷയമായിരുന്നു മുകുന്ദപുരം താലൂക്ക് വിഭജനം. മുകുന്ദപുരം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സിൽ നിന്ന് ഏറ്റവും കിഴക്കേ അറ്റത്തുള്ള അതിരപ്പള്ളി പഞ്ചായത്തിലെത്തണമെങ്കിൽ 100 കിലോമീറ്റർ യാത്ര ചെയ്യണം. ഈ കമ്മിഷൻ എന്ന് പറയുന്നത് ഇത് നടപ്പിലാക്കാതിരിക്കുന്നതിനുള്ള ഒരു ഏർപ്പാടാണ്. അതുകൊണ്ട് മുകുന്ദപുരം താലൂക്ക് വിഭജിച്ച് ചാലക്കുടി താലൂക്ക് ആക്കുന്നതിന് വേണ്ടിയുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ കമ്മിഷൻ റിപ്പോർട്ടുകൾക്ക് മുമ്പുണ്ടായിരുന്നു. അത് ഇനി വരുന്ന കാലഘട്ടത്തിൽ പരിഗണിക്കാൻ കഴിയുമോ എന്നാണ് എനിക്ക് അറിയേണ്ടത്.

ശ്രീ. സി. എഫ്. തോമസ് : ഇപ്പോഴത്തെ തീരുമാനം, കമ്മിഷനെ നിശ്ചയിക്കുക എന്നുള്ളതാണ്. കമ്മിഷന്റെ ശുപാർശ വന്നതിനുശേഷമേ ഗവൺമെന്റ് ഒരു തീരുമാനം എടുക്കുകയുള്ളൂ.

ശ്രീ. കെ. കെ. ഷാജു : സർ, പുതിയ താലൂക്കുകളുടെ പുന:സംഘടന സംബന്ധിച്ച് ഒരു കമ്മിഷനെ വയ്ക്കുമെന്ന് പറഞ്ഞു. അത് നല്ല ആശയം. പക്ഷേ, കമ്മിഷനെ വയ്ക്കുന്നതുവരെ നിലവിലുള്ള വലിയ വില്ലേജുകളെ പുന:സംഘടിപ്പിക്കുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ പുതിയ കമ്മിഷന്റെ റിപ്പോർട്ടും തീരുമാനവും വരുന്നതുവരെ ആ നടപടി നിർത്തിവയ്ക്കാൻ വല്ല നിർദ്ദേശവുമുണ്ടോ ?

ശ്രീ. സി. എഫ്. തോമസ് : ആ നിർദ്ദേശം പഠിക്കേണ്ടതാണ്.

ശ്രീ. കെ. ബി. ഗണേഷ്കുമാർ : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പത്തനാപുരം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സായിട്ട് താലൂക്ക് രൂപീകരിക്കുന്നതായി

പത്രങ്ങളിൽ വാർത്ത കണ്ടിരുന്നു. അതിനുള്ള എന്തെങ്കിലും പ്രൊപ്പോസൽസ് ഇപ്പോൾ നിലവിലുണ്ടോ ? അത് തുടങ്ങാനുള്ള.....

ശ്രീ. സി. എഫ്. തോമസ് : താലൂക്കിനെ സംബന്ധിച്ചാണെങ്കിലും റവന്യൂ ഡിവിഷനെ സംബന്ധിച്ചാണെങ്കിലും പുതിയ കമ്മിഷന്റെ റിപ്പോർട്ട് കൂടി വന്നതിനുശേഷം മാത്രമേ ഗവൺമെന്റിന് എന്തെങ്കിലും ചെയ്യാൻ സാധിക്കു.

ശ്രീ. സി. ടി. അഹമ്മദ്അലി :സർ, പല വില്ലേജ് ഓഫീസുകളുടെയും കെട്ടിടങ്ങൾ പഴകി ചോർന്നൊലിക്കുന്നവയാണ്. അതുകൊണ്ട് ഇത്തരം വില്ലേജ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : ഇക്കാര്യത്തിൽ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നുണ്ട്.

ശ്രീ. ജോണി നെല്ലൂർ : സർ, ഇവിടെ പുതിയ കമ്മിഷൻ രൂപീകരിക്കുന്ന കാര്യം അങ്ങ് പറയുകയുണ്ടായി. ഇവിടെ മുൻപ് രൂപീകരിച്ചിരുന്ന ബാബുപോൾ കമ്മിഷനും മൂർത്തി കമ്മിഷനും അതിനു മുൻപ് ഉണ്ടായിരുന്ന നിരവധി കമ്മിഷനുകളും ഒരുപോലെ ശുപാർശ ചെയ്തിട്ടുള്ളതാണ്. കൂത്താട്ടുകുളം താലൂക്കും മൂവാറ്റുപുഴ ജില്ലയും, ഇപ്പോൾ താലൂക്കിന്റെ കാര്യം മാത്രമാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചത്. വളരെക്കാലമായി ഐക്യജനാധിപത്യ മുന്നണിയടക്കം ഇടതുപക്ഷജനാധിപത്യമുന്നണിയടക്കം തെരഞ്ഞെടുപ്പ് കാലയളവിൽ മൂവാറ്റുപുഴയിലെ ജനങ്ങൾക്ക് വാഗ്ദാനം നൽകിയിരുന്നതാണ് മൂവാറ്റുപുഴ ജില്ലയുടെ കാര്യം. മൂവാറ്റുപുഴ ജില്ലയും കൂത്താട്ടുകുളം താലൂക്കും രൂപീകരിക്കുന്ന കാര്യം പ്രത്യേകമായി പരിഗണിക്കുമോ ?

ശ്രീ. സി. എഫ്.തോമസ് : പ്രത്യേകമായിട്ട് ഇപ്പോൾ എങ്ങനെയാണ് മറുപടി പറയുന്നത്. കമ്മിഷൻ ഇക്കാര്യമൊക്കെ പരിശോധിക്കുന്നതാണ്.

ശ്രീ. യു. സി. രാമൻ : സർ, കേരളത്തിലെ ഏക സബ്താലൂക്ക് കുന്ദമംഗലമാണ്. താലൂക്ക് പുനഃസംഘടനയുടെ ഭാഗമായിട്ട് കുന്ദമംഗലം സബ്താലൂക്ക് താലൂക്കായി ഉയർത്താനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : എല്ലാ താലൂക്കുകളുടെയും പുനഃസംഘടനയും രൂപീകരണവും സംബന്ധിച്ച് ഗവൺമെന്റ് കമ്മിഷൻ റിപ്പോർട്ടിൽ തന്നെയാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. ജെ. ജോയി : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 16 താലൂക്കുകൾ പ്രഖ്യാപിച്ച ദിവസം ഇവിടെ ഈ നിയമസഭയിൽ ഒട്ടേറെ അംഗങ്ങൾ നിരാഹാരസത്യാഗ്രഹം അനുഷ്ഠിച്ചു. അതിനുശേഷം അന്ന് വൈകുന്നേരത്തോടെ അങ്കമാലി, ഏറ്റുമാനൂർ, കോന്നി താലൂക്കുകൾ കൂടി ഗവൺമെന്റ് പ്രഖ്യാപിക്കുമെന്ന് പറയുകയുണ്ടായി. ഈ കമ്മിഷന്റെ തീരുമാനം വരുമ്പോൾ ആ താലൂക്കുകൾ കൂടി പുനഃസംഘടിപ്പിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എഫ്. തോമസ് : സ്വാഭാവികമായിട്ടും പുതിയ കമ്മിഷൻ കാര്യങ്ങൾ പഠിക്കുമ്പോൾ മുൻ കമ്മിഷന്റെ റിപ്പോർട്ടും ഗവൺമെന്റ് ഇതുസംബന്ധിച്ച് നൽകിയിട്ടുള്ള ഉറപ്പുകളും പരിശോധിക്കും.

ശ്രീ. സി. മൊയിൻകുട്ടി :സർ, കാലാകാലങ്ങളിൽ മാറിമാറി വരുന്ന സർക്കാരുകൾ മിനി മാത്യു കമ്മിഷൻ, മൂർത്തി കമ്മിഷൻ എന്നിങ്ങനെ നിരന്തരമായി കമ്മിഷനുകളെ വയ്ക്കുകയാണ്. മലയോര കുടിയേറ്റ മേഖലയെ സംബന്ധിച്ചിടത്തോളം മലബാറിലെ ഏറ്റവും വിസ്തൃതമായ കോഴിക്കോട് താലൂക്ക് വിഭജിച്ച് മാനദണ്ഡങ്ങൾക്ക് വിധേയമായി ഒരു പുതിയ താലൂക്ക് രൂപീകരിക്കുമോ ? മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രം പുതിയ താലൂക്ക് രൂപീകരിക്കുമെന്ന് പറയാമോ ?

ശ്രീ. സി. എഫ്. തോമസ് : മാനദണ്ഡങ്ങൾ ഒരു പ്രധാനപ്പെട്ട കാര്യം തന്നെയാണ്. വിസ്തൃതി, മലബാറിൽ ഇങ്ങനെയുള്ള പ്രദേശങ്ങളിലുള്ള ജനങ്ങളുടെ ബുദ്ധിമുട്ട്, ജനസംഖ്യ ഇവ തീർച്ചയായും ഇതിനൊരു മാനദണ്ഡം തന്നെയാണ്.

മി. സ്പീക്കർ : എല്ലാ അംഗങ്ങൾക്കും ചോദ്യം ചോദിക്കാൻ അവസരം കൊടുക്കാൻ സാധിക്കാത്തതുകൊണ്ടാണ് ഒരു അംഗത്തിന് ഒരു ദിവസം ഒരു ചോദ്യം എന്ന പ്രിൻസിപ്പിൾ എടുക്കുന്നത്. അത്ര അത്യാവശ്യമുണ്ടെങ്കിൽ ആദ്യത്തെ ചോദ്യം ചോദിക്കാതെ രണ്ടാമത്തെ ചോദ്യം ചോദിക്കണം. This is the first exemption. ഇവിടെ എല്ലാവർക്കും അറിയാമല്ലോ? ഒരു ചോദ്യം ചോദിച്ചാൽ രണ്ടാമത്തെ ചോദ്യം ചോദിക്കാൻ പറ്റില്ല.

ശ്രീ. അടൂർ പ്രകാശ് :സർ, പത്തനംതിട്ട ജില്ല രൂപീകരിക്കുന്ന അവസരത്തിൽ മിനി മാത്യു കമ്മിഷൻ റിപ്പോർട്ടിൽ കോന്നി കേന്ദ്രീകരിച്ച് താലൂക്ക് രൂപീകരിക്കണമെന്ന നിർദ്ദേശമുണ്ടായിരുന്നു. അതിനുശേഷം മൂർത്തി കമ്മിഷൻ റിപ്പോർട്ടുണ്ടായി. ആ റിപ്പോർട്ടിനകത്തും മലയോര പ്രദേശമായ കോന്നി കേന്ദ്രീകരിച്ച് താലൂക്ക് രൂപീകരിക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുപോലും കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിൽ 16 താലൂക്കുകൾ പ്രഖ്യാപിച്ചപ്പോൾ, കോന്നി താലൂക്ക് പ്രഖ്യാപനത്തിൽ നിന്ന് ഒഴിവാക്കുകയുണ്ടായി. അതുമായി ബന്ധപ്പെട്ട് ഈ സഭയുടെ മുൻപിൽ നിരാഹാരസത്യാഗ്രഹം കിടക്കേണ്ട അവസ്ഥയുണ്ടായി. ആ മലയോര പ്രദേശത്തെ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി രണ്ട് കമ്മിഷൻ റിപ്പോർട്ടിലും പറഞ്ഞിട്ടുള്ളതുപോലെ കോന്നി കേന്ദ്രീകരിച്ച് താലൂക്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. സി. എഫ്. തോമസ് : ശൂപാർശയിൽ വരുമ്പോൾ അക്കാര്യം പരിശോധിക്കാം.